**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600** **09-08-2023 - ൽ മറുപടിയ്ക്ക്**

**ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ 13.17 കോടി രൂപ ആയിരുന്ന കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ലാഭം, 2023 മാർച്ച് 31-ന് 50.19 കോടി രൂപയിലെത്തി. വായ്പാ ആസ്തി 2022 മാർച്ച് 31-ലെ 4750.71 കോടി രൂപയിൽ നിന്ന് 2023 മാർച്ച് 31-ന് 6529.40 കോടി രൂപയായി ഉയർന്നു പലിശ വരുമാനം 543.64 കോടി രൂപയായി വർദ്ധിച്ചുകൊണ്ട് വാർഷിക വളർച്ച 38.46 % രേഖപ്പെടുത്തി. മൊത്ത വരുമാനം 2022 മാർച്ച് 31-ൽ 518.17 കോടി രൂപയായിരുന്നത് 2023 മാർച്ച് 31-ൽ 694.38 കോടി രൂപയായി ഉയർന്നു.<br><br>കെ.എസ്.എഫ്.ഇ യെ സംബന്ധിച്ചുള്ള 31.03.2021 മുതൽ 31.07.2023 വരെയുള്ള പ്രവർത്തന പുരോഗതി<br><br>ബിസിനസ്സ് വളർച്ച<br><br>കെ.എസ്.എഫ്.ഇ. യുടെ വാർഷിക വിറ്റ് വരവ് 31.03.2021 ൽ 52762 കോടി രൂപയായിരുന്നത് 31.07.2023 ൽ 73447 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 39 % വർദ്ധനവാണ് വാർഷിക വിറ്റുവരവിൽ ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത്.<br><br>31.03.2021 ൽ പ്രതിമാസ ചിട്ടി സല 2410 കോടി രൂപയായിരുന്നത് 31.07.2023ൽ അത് 3272 കോടി രൂപയിലേക്കും വർദ്ധിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ. യുടെ പ്രൈം ബിസിനസ്സായ ചിട്ടിയിൽ തുടർച്ചയായ വർഷങ്ങളിൽ വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട് . ഏകദേശം 36% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.<br><br>2021-22 സാമ്പത്തിക വർഷം വാർഷിക ചിട്ടി സല 30688 കോടി രൂപയായിരുന്നത് 2022-23 ലേക്ക് എത്തുമ്പോൾ 36196 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br><br>31.03.2021ൽ ആകെ നൽകിയ വായ്പ 8112 കോടി രൂപയായിരുന്നത് 31.07.2023 ൽ 12247 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഏകദേശം 51% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.31.03.2021-ൽ 18180 കോടി രൂപയുണ്ടായിരുന്ന നിക്ഷേപങ്ങൾ 31.07.2023ൽ 23048 കോടി രൂപയിലേക്ക് എത്തിയിട്ടുണ്ട്. നിക്ഷേപ ഇനത്തിൽ 27% വളർച്ചയുണ്ടായിട്ടുണ്ട്.<br><br>31.03.2021 ൽ സാമ്പത്തിക വർഷത്തിൽ 616 ശാഖകൾ ഉണ്ടായിരുന്നത് 31.07.2023-ൽ 670 ശാഖകളായി ഉയർന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 31.03.2021-ലെ 7515 ജീവനക്കാരിൽ നിന്ന് 31.07.2023 ൽ 8301 ജീവനക്കാരിൽ എത്തി നിൽക്കുന്നു.<br><br>31.03.2021 ൽ 42 ലക്ഷം ഇടപാടുകാരാണ് ഉണ്ടായിരുന്നത്. 31.07.2023 ൽ ഇടപാടുകാരുടെ എണ്ണം 49.87 ലക്ഷത്തിൽ എത്തി നിൽക്കുന്നു. ഏകദേശം 19% ത്തോളം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.<br><br><u>പുതിയ പദ്ധതികൾ</u><br><br><u>1.</u>കോവിഡ് രോഗികൾക്കും കുടുംബാംഗങ്ങൾക്കും 5% പലിശ നിരക്കിൽ സൗഖ്യ സ്വർണ്ണപ്പണയ വായ്പ.<br><br>2.സ്ത്രീകൾക്ക് വേണ്ടി 5% പലിശ നിരക്കിൽ 2021-22 അജയ്യ സ്വർണ്ണപ്പണയ വായ്പയും 2022-23 ൽ സമ്മാനങ്ങളോട് കൂടിയ സമത സ്വർണ്ണപ്പണയ വായ്പയും.<br><br>3.2022 മാർച്ച് 8 മുതൽ 19 വരെ സമ്മാനങ്ങളോടു കൂടിയ വനിതാ ചിട്ടി ദ്വൈവാരം.<br><br>4.നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് സബ്സിഡിയോട് കൂടിയുള്ള പ്രവാസി ഭദ്രതാ മൈക്രോ സ്കീം 7942 സംരംഭങ്ങളിലായി 378 കോടി രൂപ അനുവദിച്ചു.<br><br>5.സമ്മാനങ്ങളോട് കൂടിയ സവിശേഷ ചിട്ടി പദ്ധതികൾ.<br><br>6.നേട്ടം നിക്ഷേപ പദ്ധതി , 400 ദിവസത്തെ നിക്ഷേപങ്ങൾക്ക് 8% പലിശ വാഗ്ദാനം ചെയ്തു കൊണ്ട് 2022 ഡിസംബർ 15 ന് ആരംഭിച്ചു.<br><br><u>പ്രവാസി ചിട്ടി</u><br><br>1.2022-23 സാമ്പത്തിക വർഷത്തിൽ 54.16 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് ചെയ്യുക വഴി 124.35കോടി രൂപയുടെ പ്രതിമാസ ചിട്ടി സലയിൽ എത്തിച്ചേരാൻ സാധിച്ചു. ഇതുവരെ കിഫ്ബി ബോണ്ടിലേക്ക് (31.05.2023) 959 കോടി രൂപ അടച്ചു<br><br><u>കുടിശ്ശിക നിവാരണം</u><br><br>1.കുടിശ്ശിക നിവാരണത്തിന് ആശ്വാസ്, സഞ്ജീവനം പദ്ധതികൾ. പ്രസ്തുത പദ്ധതികളിലൂടെ 1822 കോടി രൂപ പിരിച്ചെടുത്തു.<br><br><u>മറ്റ് നേട്ടങ്ങൾ</u><br><br>1.2022-23 ൽ 1070 പുതിയ നിയമനങ്ങൾ .2023-24 ൽ 31.07.2023 വരെ 47 പുതിയ നിയമനങ്ങൾ<br><br>2.പുതിയ വെബ് സൈറ്റ്<br><br>3.ക്ലൗഡ് പ്ലാറ്റ് ഫോമിലേയ്ക്കുള്ള മൈഗ്രേഷൻ.<br><br><u>ലാഭക്ഷമത</u><br><br>1.2022-23 സാമ്പത്തിക വർഷം നല്ല ബിസിനസ്സ് വളർച്ച നേടിയതും, നിഷ്ക്രിയ ആസ്തികളിൽ വേണ്ട ഇടപെടലുകൾ നടത്തി എന്നതും ലാഭക്ഷമത വർദ്ധിപ്പിക്കാനുള്ള സാധ്യത കൂട്ടിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബിസിനസ്സ് ടേൺ ഓവർ 69673 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |
| (ബി) | കേരള ഫിനാൻഷ്യൽ | (ബി) | ഉണ്ട്. |

കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തി മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

മൊത്ത നിഷ്ക്രിയ ആസ്തി മുൻവർഷത്തെ (2022 മാർച്ച് 31) 3.27 ശതമാനത്തിൽ നിന്ന് 3.11 ശതമാനമായി കുറഞ്ഞു. കൂടാതെ അറ്റ നിഷ്ക്രിയ ആസ്തി കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2022 മാർച്ച് 31) 1.28 ശതമാനത്തിൽ നിന്ന് 0.74 ശതമാനമായി കുറഞ്ഞു.

കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മൊത്ത നിഷ്ക്രിയ ആസ്തി | അറ്റ നിഷ്ക്രിയ ആസ്തി |
|---|---|---|
| 2020-21 | 3.58 | 1.48 |
| 2021-22 | 3.27 | 1.28 |
| 2022-23 | 3.11 | 0.74 |

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഗ്യാരന്റി കമ്മീഷൻ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് കെ.എഫ്.സി സർക്കാറിൽ അടച്ച ഗ്യാരണ്ടി കമ്മീഷന്റെ കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| തീയതി | തുക |
|---|---|
| 13.04.2021 | Rs. 81,29,318.00 |
| 12.10.2021 | Rs. 81,29,318.00 |
| 11.04.2022 | Rs 40,77,000.00 |
| 12.10.2022 | Rs 40,77,000.00 |
| 11.04.2023 | Rs 20,38,500.00 |
| മൊത്തം | Rs 2,64,51,136.00 |

കെ.റ്റി.ഡി.എഫ്.സി യിൽ നിന്നും സർക്കാരിലേക്ക് നൽകിയ ഗ്യാരന്റി കമ്മീഷൻ

| 2021-22 | 2022-23 |
|---|---|
| ഒന്നാം ഗഡു- 3,12,19,970 | ഒന്നാം ഗഡു- 1,83,32,848 |
| രണ്ടാം ഗഡു- 3,12,19,970 | രണ്ടാം ഗഡു-2,41,90,709 |
| ആകെ- Rs.6,24,39,940 | ആകെ -Rs.4,25,23,557 |

കെ.എസ്.എഫ്.ഇ. ൽ നിന്നും സർക്കാരിലേക്ക് നൽകിയ ഗ്യാരന്റി കമ്മിഷൻ

| നമ്പർ | തീയതി | തുക | വിശദാംശങ്ങൾ |
|---|---|---|---|
| 1 | 12.10.2021 | 48,09,74,394/- | 2021-22-ന്റെ രണ്ടാം തവണ |
| 2 | 04.04.2022 | 52,32,00,000/- | 2022-23 ന്റെ ഒന്നാം തവണ |
| 3 | 11.10.2022 | 53,11,93,496/- | 2022-23 ന്റെ രണ്ടാം തവണ |

| | | | | |
|---|---|---|---|---|
| 4 | 10.04.2023 | 57,76,00,000/- | 2023-24 ന്റെ ഒന്നാം തവണ |
| ആകെ | | Rs.211,29,67,890 | |

സെക്ഷൻ ഓഫീസർ